**കേരള സർക്കാർ**

സംഗ്രഹം

ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം & കുടുംബശ്രീ ജില്ലാ പ്രോജക്ട് ഓഫീസർ എന്നിവരുടെ പേരിലും ഡയറക്ടർ ഓഫ് ഹാൻഡ് ലൂം &ടെക്സ്റ്റൈൽസ് & കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ എന്നിവരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

*ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്*

സ.ഉ. (സാധാ) നം. **500/2018/ധന.** തിരുവനന്തപുരം, തീയതി **20.01.2018**

---

പരാമർശം - 1. 15.11.2017 ലെ സ.ഉ(സാധാ) നം.1564/2017/വ്യവ

2. കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടറുടെ 23.11.2017 ലെ എച്ച്എൽ/സി6/6719/2017/(2) നമ്പർ കത്ത്

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം 'Yuva Weave' പദ്ധതിയ്ക്കായി അനുവദിച്ച തുക കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിൽ ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - കുടുംബശ്രീ ജില്ലാ പ്രോജക്ട് ഓഫീസർ എന്നിവരുടെ പേരിലുള്ള സംയുക്ത TSB A/C തുടങ്ങുന്നതിനും സംസ്ഥാന തലത്തിൽ ഡയറക്ടർ ഓഫ് ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ്-കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ എന്നിവരുടെ പേരിലുള്ള സംയുക്ത TSB A/C തുടങ്ങുന്നതിനും അനുമതി നൽകണമെന്ന് കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം & കുടുംബശ്രീ ജില്ലാ പ്രോജക്ട് ഓഫീസർ എന്നിവരുടെ പേരിലും ഡയറക്ടർ ഓഫ് ഹാൻഡ് ലൂം &ടെക്സ്റ്റൈൽസ് & കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ എന്നിവരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ, നാലാം നില, വികാസ് ഭവൻ., തിരുവനന്തപുരം - 695 033

ധനകാര്യ (PU-D) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ